പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3865 19/03/2018 ൽ മറുപടിയ്ക്ക്

## സി. ബി. എസ്. ഇ, ഐ. സി. എസ്. ഇ. ബോർഡുകളുടെ അംഗീകാരമില്ലാത്ത സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. ജോർജ് | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സി. ബി. എസ്. ഇ, ഐ. സി. എസ്. ഇ. ബോർഡുകളുടെ അംഗീകാരം ഇല്ലാത്ത (ക്ലാസ്സ് 1 മുതൽ 6 വരെ) എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നു എന്നതിന് കണക്ക് ഉണ്ടോ; ജില്ല തിരിച്ച് പേരുസഹിതം എണ്ണം വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ 1585 സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ 1 മുതൽ 6 വരെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് പൊതു വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ശേഖരിച്ച് നല്കുന്നതാണ്. |
| (ബി) ഇപ്രകാരമുള്ള സ്കൂളുകൾ അടുത്ത അദ്ധ്യയന വർഷം മുതൽ പ്രവർത്തിയ്ക്കാൻ പാടില്ല എന്ന് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത സ്കൂളുകൾ നിർത്തൽ ചെയ്യുന്നതിനുള്ള കാരണം എന്താണെന്ന് വിവരിയ്ക്കുമോ? | (ബി) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന എല്ലാ അൺ എയ്ഡഡ് സ്കൂളുകളും അടച്ചുപൂട്ടുവാൻ സർക്കാർ നിർദ്ദേശം നല്കിയ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 2009 ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം, 2011 ലെ വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിലെ വ്യവസ്ഥകളുടെയും കേരള സംസ്ഥാന ബാലവകാശ സംരക്ഷണ കമ്മീഷന്റെ 16/03/2016 ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് അംഗീകാരമില്ലാത്ത സ്കൂളുകൾ അടച്ചുപൂട്ടുവാൻ നിർദ്ദേശം നല്കിയത്. |

| | | | |
|---|---|---|---|
| (സി). | ഇപ്രകാരമുള്ള എത്ര സ്കൂളുകളിൽ ക്ലാസ്സ് 1 മുതൽ 6 വരെ എത്ര കുട്ടികൾ പഠിക്കുന്നു എന്നതിന്റെ കണക്ക് ഉണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) & (ഡി) | അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെയും ജീവനക്കാരുടെയും എണ്ണം കണക്കാക്കിയിട്ടില്ല. |
| (ഡി). | നിർത്തൽ ചെയ്യുന്ന സ്കൂളുകളിലെ ജോലി നഷ്ടപ്പെടുന്ന അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാരുടെ ഉപജീവനത്തിന് എന്തെങ്കിലും പരിഹാരം കണ്ടെത്തിയിട്ടുണ്ടോ; ഇപ്രകാരം ജോലി ഇല്ലാതാകുന്ന ജീവനക്കാർ എത്രയെന്ന് കണ്ടെ ത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | | |
| (ഇ). | വിദ്യാർത്ഥികൾ, അദ്ധ്യാപകർ, മറ്റ് ജീവനക്കാർ, രക്ഷകർത്താക്കൾ എന്നിവർക്ക് ഉണ്ടാകുന്ന പ്രയാസങ്ങൾ പരിഗണിച്ച് പ്രസ്തുത സ്കൂളുകളെ നിലനിർത്താൻ ആവശ്യമായ എൻ.ഒ.സി നേടിയെടുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (ഇ). & (എഫ്) | കേന്ദ്ര സർക്കാരിന്റെ 2009 ലെ വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കാൻ പാടില്ല. അതോടൊപ്പം സർക്കാർ/എയ്ഡഡ് മേഖലയെ ശക്തിപ്പെടുത്തുകയും വേണം. ആയതിനാൽ അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾക്ക് എൻ.ഒ. സി. നല്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (എഫ്) | പ്രസ്തുത സ്കൂളുകളെ നിലനിർത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | | |

Hadeena

സെക്ഷൻ ഓഫീസർ

F - Mail.

**കേരള സർക്കാർ**

നം. GEDN -F1/27/2017/പൊ.വി.വ.

പൊതുവിദ്യാഭ്യാസ (എഫ്) വകുപ്പ്,
തിരുവനന്തപുരം, തീയതി, 19.07.2017

ഗവൺമെന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സർ,

വിഷയം :- പൊതു വിദ്യാഭ്യാസ വകുപ്പ് - വിദ്യാഭ്യാസ അവകാശ നിയമം - സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ 2018-19 അദ്ധ്യയന വർഷം മുതൽ അടച്ചു പൂട്ടുന്നത് -നിർദ്ദേശം - സംബന്ധിച്ച്

സൂചന:- 1. 2009 – ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം.
2. സ.ഉ. (അച്ചടി) നം. 100/2011/പൊ.വി.വ. തീയതി 30.04.2011.
3. സ.ഉ. (കൈ) നം. 184/2013/പൊ.വി.വ. തീയതി 10.06.2013.
4. സ.ഉ. (കൈ) നം. 114/2015/പൊ.വി.വ. തീയതി 14.05.2015.
5. സ.ഉ. (കൈ) നം. 282/2015/പൊ.വി.വ. തീയതി 09.11.2015.
6. 16.03.2016 – ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ CRMP No.4426/05/LA1/2015/KeSCPCR നം. ഉത്തരവ്

........

2009 – ൽ കേന്ദ്ര സർക്കാർ, കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം പ്രാബല്യത്തിൽ കൊണ്ടു വന്നു. 2011 – ൽ സംസ്ഥാനത്ത് ഇതു സംബന്ധിച്ച് ചട്ടം നിലവിൽ വന്നു. പ്രസ്തുത നിയമം/ചട്ടത്തിൽ സ്കൂളുകളുടെ അംഗീകാരം /നടത്തിപ്പ് സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥകൾ മുന്നോട്ട് വെച്ചിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ അവകാശ ചട്ടം 2011 - ലെ ചട്ടം 14 പ്രകാരം സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു. ഇതനുസരിച്ച് സൂചന (3) പ്രകാരം സംസ്ഥാനപാഠ്യപദ്ധതിയിൽ ഉൾപ്പെട്ട അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നേടുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും അംഗീകാരത്തിന് സമർപ്പിച്ച അപേക്ഷകളിൽ സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കുകയും പൊതു

വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്യുതുമായ 395 സ്കൂളുകൾക്ക് സൂചന (4), (5) സർക്കാർ ഉത്തരവുകൾ പ്രകാരം അംഗീകാരം നൽകുകയുമുണ്ടായി. 2009 - ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമത്തിലെ സെക്ഷൻ 18 (1) – ൽ

*"No school, other than a school established, owned or controlled by the appropriate Government or the local authority, shall, after the commencement of this Act, be established or function, without obtaining a certificate of recognition from such authority, by making an application in such form and manner, as may be prescribed "* എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചു പൂട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാരിലും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിലും നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. ആയതിൻ പ്രകാരം സൂചന (6) - ലെ ഉത്തരവിൽ സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിലും 2011 - ലെ വിദ്യാഭ്യാസ അവകാശ ചട്ടത്തിലും അനുശാസിക്കുന്ന പ്രകാരമുള്ള നടപടി സ്വീകരിക്കുവാൻ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവായി. 2016-17 അധ്യയന വർഷം മുതൽ തന്നെ ഇത്തരത്തിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടേണ്ടതും അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ നിർത്തലാക്കുന്നത് സംബന്ധിച്ച് പത്ര മാധ്യമങ്ങളിലൂടെയും റേഡിയോയിലൂടെയും പൊതുസമൂഹത്തിൽ വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്യണമെന്നും അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ പട്ടിക അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അറിവിലേക്കും പരിശോധനയ്ക്കുമായി നൽകണമെന്നുമാണ് ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവായിരുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ സെക്ഷൻ 18, 19 - ന്റെയും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ 2018 – 19 അധ്യയന വർഷം മുതൽ അടച്ചു പൂട്ടുന്നതിന് സർക്കാർ തീരുമാനിച്ചു. മേൽ തീരുമാനം നടപ്പിലാക്കുന്നതിനുള്ള താഴെപ്പറയുന്ന തുടർ നടപടി പൊതു വിദ്യാഭ്യാസ ഡയറക്ടർ അടിയന്തിരമായി സ്വീകരിക്കേണ്ടതും നടപടി റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

1) സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് പൊതു വിദ്യാഭ്യാസ ഡയറക്ടർ തയ്യാറാക്കി സർക്കാർ വെബ്സൈറ്റിലും, ദൃശ്യ ശ്രാവ്യ പത്ര മാധ്യമങ്ങളിലും നൽകേണ്ടതും വിദ്യാഭ്യാസ ഓഫീസുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജനങ്ങളുടെ അറിവിലേക്കായി പ്രദർശിപ്പിക്കേണ്ടതുമാണ്. പ്രസ്തുത ലിസ്റ്റിൽ ഏതെങ്കിലും അംഗീകാരമില്ലാത്ത സ്കൂൾ ഉൾപ്പെടാതെ പോകുന്ന പക്ഷം അവ ആയതിൽ ഉൾപ്പെട്ടതായി കണക്കാക്കേണ്ടതാണ്.

2) സംസ്ഥാനത്ത് നിലവിൽ അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ്, ഓരോ സ്കൂളിലും ഏത് ക്ലാസ്സ് മുതൽ ഏത് ക്ലാസ്സ് വരെയാണ് അംഗീകാരമുള്ളത് എന്ന് വ്യക്തമാക്കി, മേൽ സൂചിത രീതിയിൽ ജനങ്ങളുടെ അറിവിലേക്കായി പ്രചരിപ്പിക്കേണ്ടതാണ്.

3) സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകളുടെയും മാനേജർമാരുടെ അറിവിലേക്കായി സ്കൂൾ നിർത്തലാക്കുന്നതു സംബന്ധിച്ച് നോട്ടീസ് നൽകേണ്ടതും അതോടൊപ്പം നോട്ടീസ് പത്ര പരസ്യമായി സംസ്ഥാനത്തെ എല്ലാ മലയാളം/ഇംഗ്ലീഷ് പത്രങ്ങളിലും നൽകേണ്ടതുമാണ്.

4) 2018-19 അധ്യയന വർഷം മുതൽ അംഗീകാരമില്ലാത്ത സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നില്ലായെന്നത് പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,
**ഡോ. ഉഷ ടൈറ്റസ്**
ഗവൺമെന്റ് സെക്രട്ടറി

അംഗീകാരത്തോടെ,
Hema.
സെക്ഷൻ ഓഫീസർ